# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2248** | **23.03.2012ന് മറുപടിയ്ക്ക്**

## പാട്ടക്കരാർ ലംഘിച്ചവർക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ കെ. അജിത് | ഉത്തരം<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന്റെ ഭൂമി പാട്ടത്തിനെടുത്തിരുന്ന സ്ഥാപനങ്ങളോ വ്യക്തികളോ പാട്ടക്കരാർ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആരൊക്കെയെന്നും അവരുടെ കൈവശമുള്ള ഭൂമികൾ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) നെന്മാറ ഡിവിഷനു കീഴിലെ നെല്ലിയാമ്പതി റെയിഞ്ചിന്റെ പരിധിയിൽ നിലവിൽ വിവിധ വ്യക്തികളുടെ കൈവശത്തിലുള്ള അനുബന്ധ ലിസ്റ്റ് പ്രകാരമുള്ള എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘനം, വനനിയമങ്ങളുടെ ലംഘനം എന്നിവ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇങ്ങനെ പാട്ടക്കരാർ ലംഘിച്ചവരുണ്ടെങ്കിൽ അവരുടെ ഭൂമിതിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പാട്ടക്കരാർ ലംഘിച്ചതിന്റെ പേരിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര ഹെക്ടർ ഭൂമി സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുണ്ട് ; | (ഡി) പാട്ടക്കരാർ ലംഘിച്ചതിന്റെ പേരിൽ മുൻ സർക്കാരിന്റെ കാലത്ത് പാട്ടഭൂമി തിരിച്ചെടുത്തിട്ടില്ല. |
| (ഇ) തിരിച്ചെടുത്ത ഭൂമികൾ ഏതെങ്കിലും തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഇ) ഉണ്ട്. സർക്കാർ ഏറ്റെടുത്ത ചെറുനെല്ലി എസ്റ്റേറ്റ്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരിച്ചെടുക്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ഉടമകൾക്ക് കൈവശം വയ്ക്കാമെന്ന കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ, തിരികെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | Name of Estate | | Extent (in acre) |
|---|---|---|---|
| 1. | Monkwood | | 232.82 |
| 2. | Rajakkad | | 288.85 |
| 3. | Karappara 'A' | | 541.37 |
| 4. | Karappara 'B' (Kairali) | | 577.12 |
| 5. | Shernelly lower | | 278.80 |
| 6. | Alexandria 'A' (8 bits) | | 250.00 |
| | Alexandria 'B' (6 bits) | | 251.75 |
| | Brookland | | 250.00 |
| 7. | Beatrice | | 33.68 |
| 8. | Kumbalakkode | | 306.55 |
| 9. | Kottangadi | | 305.66 |
| 10. | Chandramala | Chandramala Estate | 186.04 |
| 11. | Pulayappara | | 1.26 |
| 12. | Chandramala | | 8.99 |

സെക്ഷൻ ഓഫീസർ